# GUIDELINES FOR THE DEVELOPMENT OF QUESTION TEXTS FOR D.Ed COURSE

## VARIOUS PAPERS - 2014

1. Design of the Question Paper.
   - Weightage to content.
   - Weightage to type of Questions.
   - Weightage to Level of Questions.
   - Blue Print of Question Paper.
2. Actual Question Paper.
3. Scoring Key & Marking Scheme.
4. Questionwise Analysis.

# GUIDE LINES FOR THE DEVELOPMENT OF QUESTION TEXTS OF D.Ed COURSE - VARIOUS PAPERS

The following guidelines may be strictly followed while developing various Question Texts of the D.Ed course.

- The D.Ed curriculum (2013), the activity manual and source book of the papers concerned may be referred to while developing the concerned Question Text.
- The design of the Question Text given along with the sample Question Text may be adhered while developing Question Text. Slight modifications are admissible.
- The weightage given to the content area of each paper is final. No alteration may be made.
- The directions given in the Question Text may be clear and unambiguous.
- Errors, omissions, vague sentences may not be there in the stem of the question paper.
- The individual score for each Question should be clear.
- The questions developed should be appropriate to evaluate the following:
  - The conceptual understanding of the trainee in the subject matter.
  - The skills to apply the ideas in appropriate situations.
  - The analytical ability of the trainee.
  - The capacity for evaluation and judgement.
  - The scope for evaluation of higher order mental processes.
- Every Question Text should contain the following:
  - The Design of the Question paper.
  - The actual Qestion Paper.
  - Scoring key and marking scheme.
  - Questionwise Analysis.
- The design of the Question Text should contain.

- The weightage to content
- The weightage to type of questions.
- The weightage to level of questions and
- The blue print prepared by considering all the above weightages.

- A detailed scoring key and marking scheme should invariably be submitted along with the Question Paper.
- A questionwise analysis may also be submitted in order to make sure the time factor and score of each question in the Question Paper.
- Cool off time 15 minutes in total may be given to read and understand the questions.
- If any issue is there with regard to the process of development of Question Text, the matter may be informed to the teacher education department of SCERT for rectification.
- Objective type, short answer type and essay type questions can be included in the Question Paper.
- Objective type Questions with **Multiple choice/ Fill in the blanks/One word** can be limited to 5. Other objective types such as **answer in one sentence**, **matching type** can also be included. Each objective type Question carries one score only.
- Short answer can be with 2 or 3 value points. If there are 2 value points the score can be 2 and for 3 value points the score can be 3.
- The essay type questions contain minimum 5 Value Points. The score of essay type question is 5
- The maximum number of questions can be limited to less than 29.

| | | |
|---|---|---|
| Objective type | : | 1 - 10 questions |
| Shortanswer | : | 10 - 16 questions |
| Essay | : | 2 - 3 questions |

- The formats of various weightages, blue print, scoring key, marking scheme and questionwise analysis are given below.

## SAMPLE QUESTION PAPER

# D.Ed SEMESTER-III ($S_3$) EXAMINATION

## $S_3P_{13}$ പഠിതാവും ജ്ഞാനാർജനവും

1. Design of the Question Paper.
   - Weightage to content.
   - Weightage to type of Questions.
   - Weightage to Level of Questions.
   - Blue Print of Question Paper.
2. Actual Question Paper.
3. Scoring Key & Marking Scheme.
4. Questionwise Analysis.

# $S_3 . P_{13}$ പഠിതാവും ജ്ഞാനാർജനവും

## I Design of Question Paper

### WEIGHTAGE TO CONTENT

| Sl. No. | Name of Unit | No. of Questions | Score | Percentage |
|---|---|---|---|---|
| 1. | വ്യക്തിവ്യത്യാസങ്ങൾ | 7 | 18 | 30 |
| 2 | വ്യക്തിത്വവും മാനസികാരോഗ്യവും | 6 | 13 | 21.7 |
| 3 | സാമൂഹീകരണ സന്ദർഭങ്ങൾ | 5 | 12 | 20 |
| 4 | ഗൈഡൻസ് ആന്റ് കൗൺസലിങ് | 4 | 7 | 11.7 |
| 5 | ജ്ഞാനാർജന പ്രക്രിയകളും ഭാഷാവികസനവും | 5 | 10 | 16.6 |
| | **ആകെ** | **27** | **60** | **100** |

### WEIGHTAGE TO TYPE OF QUESTIONS

| Sl. No. | Type | No. of Questions | Score | Percentage |
|---|---|---|---|---|
| 1 | Objective (Type 1) | 5 | 5 | 8.3 |
| 2 | Objective (Type -2) | 5 | 5 | 8.3 |
| 3 | Short Answer (Type 1) | 5 | 10 | 16.7 |
| 4 | Short Answer (Type 2) | 10 | 30 | 50 |
| 5 | Essay | 2 | 10 | 16.7 |
| | **Total** | **27** | **60** | **100** |

## WEIGHTAGE TO LEVEL OF QUESTIONS

| Sl. No. | Level | Score | Percentage |
|---|---|---|---|
| 1 | Easy | 13 | 21.7 |
| 2 | Average | 34 | 56.6 |
| 3 | Difficult | 12 | 21.7 |
| | **Total** | **60** | **100** |

## BLUE PRINT

| Sl. No. | Name of Unit | Number & Score | | | | | Total Score |
|---|---|---|---|---|---|---|---|
| | | Objective | | Short answer | | Essay | |
| | | Type 1 | Type 2 | Type 1 | Type 2 | | |
| | | Score 1 | Score 1 | Score 2 | Score 3 | Score 5 | |
| 1. | വ്യക്തി വ്യത്യാസങ്ങൾ | 1 (1) | 1(1) | 1(2) | 3(9) | 1(5) | 7(18) |
| 2. | വ്യക്തിത്വവും മാനസികാരോഗ്യവും | 1 (1) | 1(1) | 1(2) | 3(9) | - | 6(13) |
| 3. | സാമൂഹീകരണ സന്ദർഭങ്ങൾ | 1 (1) | 1(1) | 1(2) | 1(3) | 1 (5) | 5 (12) |
| 4. | ഗൈഡൻസ് & കൗൺസലിങ് | 1 (1) | 1(1) | 1(2) | 1(3) | - | 4(7) |
| 5. | ജ്ഞാനാർജന പ്രക്രിയകളും ഭാഷാവികസനവും | 1 (1) | 1(1) | 1(2) | 2(6) | - | 5(10) |
| | **Total** | **5 (5)** | **5(5)** | **5(10)** | | **2 (10)** | **27(60)** |

***NB:*** *Outside bracket indicates number of questions and inside bracket indicates score.*

# Diploma in Education (D.Ed) Examination
## Semester -III

## $S_3.P_{13}$ പഠിതാവും ജ്ഞാനാർജനവും

**Maximum score: 60** **Time : 2 hrs**

**Cool off time : 15 Minutes**

---

**നിർദ്ദേശങ്ങൾ**

1. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.
2. ചോദ്യങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കുന്നതിനും എഴുതേണ്ട മുൻഗണനാക്രമം തീരുമാനിക്കുന്നതിനുമാണ് സമാശ്വാസ സമയമായി ആദ്യത്തെ 15 മിനിറ്റ് അനുവദിച്ചിട്ടുള്ളത്.

---

**(1 മുതൽ 5 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 സ്കോർ വീതം)**

1. എംപോസ്ഡ് മാപ്പ് (Emposed Map) ഏതു വിഭാഗം കുട്ടികൾക്കാണ് കൂടുതൽ പ്രയോജനപ്പെടുന്നത്?

(a) MR (Mentally Retarded)

(b) VI (Visually Impaired)

(c) HI (Hearing Impaired)

(d) OI (Orthopaedically Impaired)

2. വ്യക്തിത്വത്തിന്റെ പാലകൻ (Executive of personality) എന്നു വിശേഷിപ്പിക്കപ്പെടുന്ന മനുഷ്യമനസ്സിലെ വൈകാരിക ശക്തിയേത്?

(a) ഇട്ട് (Id)

(a) അഹം (Ego)

(a) അത്യഹം (Super ego)

(a) ലിബിഡോ (Libido)

3. അച്ഛൻ കൊണ്ടു വന്ന പുതിയ കളിപ്പാട്ടം അഴിച്ചു പരിശോധിച്ച കുട്ടിക്ക് അത് പൂർവ്വ സ്ഥിതിയിലാക്കാൻ കഴിഞ്ഞില്ല. എന്നാൽ അല്പനേരം ആശങ്കയിൽ നിന്ന കുട്ടി അച്ഛൻ വരുന്നതിനു മുമ്പ് പ്രശ്നം സ്വയം പരിഹരിച്ചു. ഇവിടെ കുട്ടി അവലംബിച്ച പ്രശ്നപരിഹരണരീതി ഏതാണ്?

(a) ശ്രമപരാജയ രീതി (b) ആഗമനരീതി

(c) നിഗമനരീതി (d) പ്രോജക്ട് രീതി

4. നിങ്ങൾ വിദഗ്ധനായ ഒരു കൗൺസലറാണ്. നിങ്ങളിൽ നിന്ന് പ്രതീക്ഷിക്കരുതാത്ത പെരുമാറ്റം താഴെ പ്പറയുന്നവയിൽ ഏതാണ്?

(a) സ്വാഭാവികമായി മാത്രം പെരുമാറുന്നു.

(b) പരസ്പര വിശ്വാസം നിലനിർത്തുന്നു.

(c) കൗൺസലിങ്ങിന്റെ സമയത്തുമാത്രം ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നു.

(d) സാമൂഹ്യമൂല്യങ്ങളെക്കുറിച്ച് കൗൺസലിയെ ബോധവൽക്കരിക്കുന്നു.

5. സഫലീകരിക്കാൻ കഴിയാത്ത ആഗ്രഹങ്ങളും അസുഖകരമായ അനുഭവങ്ങളും അബോധമനസ്സിലേക്ക് തള്ളിവിടുന്ന സമായോജനക്രിയാതന്ത്രം (Defence mechanism) ഏതുപേരിലറിയപ്പെടുന്നു.?

(a) ഉദാത്തീകരണം

(b) യുക്തീകരണം

(c) താദാത്മീകരണം

(d) ദമനം

**6 മുതൽ 10 വരെ ചോദ്യങ്ങൾക്ക് ഉത്തരം ഒരു വാക്കിലോ ഒരു വാക്യത്തിലോ എഴുതുക. (1 സ്കോർ വീതം)**

6. ഒരു കുട്ടിയുടെ കാലിക വയസ്സ് 10 ഉം മാനസികവയസ്സ് 12 ഉം ആയാൽ ബുദ്ധിമാനം (IQ) കണക്കാക്കുക

7. ഒരു വ്യക്തിയുടെ അഹം (Self), ആദർശാത്മക അഹം (Ideal Self) എന്നിവ തമ്മിലുള്ള സമന്വയമാണ് ഒരാളുടെ വ്യക്തിത്വത്തെ നിർണയിക്കുന്നത് എന്ന വ്യക്തിത്വസമീപനം മുന്നോട്ടുവെച്ച മനഃശാസ്ത്രജ്ഞൻ ആരാണ്?

8. സാമൂഹീകരണം (Socialisation) എന്നാൽ എന്ത്?

9. ജീവിതത്തിലെ ഒരോ വികാസഘട്ടത്തിലും വ്യക്തികൾ അനുഭവിക്കുന്ന സംഘർഷങ്ങൾ ലഘൂകരിക്കാൻ പ്രയോജനപ്പെടുത്താവുന്ന കൗൺസലിങ്ങ് രീതിയുടെ പേര് എഴുതുക.

10. അനേകം ഉദാഹരണങ്ങൾ പരിശോധിച്ച് ഒരു പൊതുതത്വത്തിൽ എത്തിച്ചേരുന്ന ചിന്താരീതി ഏതു പേരിൽ അറിയപ്പെടുന്നു?

**11 മുതൽ15 വരെ ചോദ്യങ്ങളുടെ ഉത്തരം രണ്ടോ മൂന്നോ വാക്യത്തിലെഴുതുക. (2 സ്കോർ വീതം)**

11. മനഃശാസ്ത്രത്തിൽ വ്യക്തിവ്യത്യാസങ്ങൾ എന്ന പദം ഉപയോഗിക്കുന്നത് വളരെ വിശാലമായ അർഥത്തിലാണ്. സാധൂകരിക്കുക.

12. വ്യക്തിത്വത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം?

13. സാമൂഹീകരണ പ്രക്രിയ പ്രധാനമായും നിർവ്വഹിക്കപ്പെടുന്നത് സംസ്കാര സ്വീകരണത്തിലൂടെയും (Enculturation) സംസ്ക്കാരസമന്വയത്തിലൂടെയും (Acculturation) ആണ്. വിശദമാക്കുക.

14. ഒരു കൗൺസലർ എന്ന നിലയിൽ അധ്യാപകനുണ്ടായിരിക്കേണ്ട നൈപുണികൾ ഏതൊക്കെയാണ്?

15. പ്രൈമറി ക്ലാസ്സിലെ കുട്ടികളുടെ പ്രശ്നപരിഹരണശേഷി പരിപോഷിപ്പിക്കുന്നതിന് സ്വീകരിക്കാവുന്ന തന്ത്രങ്ങളും രീതികളും ചുരുക്കി എഴുതുക.

**16 മുതൽ 25 വരെ ചോദ്യങ്ങളുടെ ഉത്തരം അര പേജിൽ കവിയാതെ എഴുതുക. (3 സ്കോർ വീതം)**

16. സിഗ്മണ്ട് ഫ്രോയ്ഡ്, കാൾറോജേഴ്സ് എന്നിവരുടെ വ്യക്തിത്വ സമീപനങ്ങൾ താരതമ്യം ചെയ്ത് ഒരു ലഘുക്കുറിപ്പ് തയ്യാറാക്കുക.

17. വൈകാരികബുദ്ധിയിൽ മികവ് പുലർത്തുന്ന കുട്ടിയാണ് അനൂപ്. ടീച്ചറെ ഈ അഭിപ്രായ പ്രകടനത്തിന് പ്രേരിപ്പിച്ചത് അനൂപിന്റെ ഏതൊക്കെ പെരുമാറ്റ സവിശേഷതകളായിരിക്കും?

18. എൽ.പി. ക്ലാസ്സിലെ കുട്ടിയുടെ സർഗപരതാമാപനത്തിന് ഉതകുന്ന ഒരു പ്രവർത്തനം തയ്യാറാക്കുക. ഇതുവിലയിരുത്തുന്നതിനാവശ്യമായ സൂചകങ്ങളും നിർദ്ദേശിക്കുക.

19. സങ്കലിത വിദ്യാഭ്യാസത്തിൽ അനുരൂപീകരണത്തിന്റെ പ്രസക്തി എന്ന വിഷയത്തിൽ ലഘുകുറിപ്പ് തയ്യാറാക്കുക.

20. വ്യക്തിത്വമാപനത്തിന് പ്രയോജനപ്പെടുത്ത പ്രക്ഷേപണ പ്രവിധികളുടെ (Projective techniques) ഗുണദോഷങ്ങൾ വിശകലനം ചെയ്യുക.

21. ഒരു പക്വതയാർന്ന വ്യക്തിത്വത്തിന്റെ ലക്ഷണങ്ങളായി G.W ആൽപ്പോർട്ട് പരിഗണിക്കുന്ന സവിശേഷതകൾ എന്തൊക്കെയാണ്?

22. അധ്യാപിക എന്ന നിലയിൽ ക്ലാസ്സിലെ കുട്ടികളുടെ മാനസികാരോഗ്യം വർദ്ധിപ്പിക്കുന്നതിന് നിങ്ങൾക്കുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്?

23 ബ്രൂണറുടെയും വൈഗോട് സ്കിയുടെയും ഭാഷാവികസന സങ്കല്പങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

24. കുട്ടികളിൽ അതീതജ്ഞാനാർജനം (Metacognition) വികസിപ്പിക്കുന്നതിന് അധ്യാപിക എന്ന നിലയിൽ നിങ്ങൾ എന്തെല്ലാം പ്രവർത്തനങ്ങളും തന്ത്രങ്ങളും സ്വീകരിക്കും?

25. 'ഒരു അധ്യാപകൻ നല്ല കൗൺസലർ കൂടിയാകേണ്ടതുണ്ട്.' സമകാലിക സാഹചര്യത്തിൽ ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

**26 മുതൽ 27 വരെ ചോദ്യങ്ങളുടെ ഉത്തരം 200 വാക്കിൽ കവിയാതെ എഴുതുക. (5 സ്കോർ വീതം)**

26. താഴെപ്പറയുന്ന ഏതെങ്കിലും ഒരു പ്രമേയത്തെ (Theme) അടിസ്ഥാനമാക്കി രണ്ടാം ക്ലാസ്സിലേക്ക് ബഹുമുഖബുദ്ധി (Multiple Intelligence) പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുക.

    a) മഴ b) വാഹനങ്ങൾ c) പൂന്തോട്ടം

27. ക്ലാസ്സ് പി.ടി.എ യോഗത്തിൽ കാര്യക്ഷമമായ രക്ഷാകർത്തൃത്വം എന്ന വിഷയം അവതരിപ്പിക്കുന്നതിന് സഹായിക്കുന്ന സ്ലൈഡ് പ്രസന്റേഷനുവേണ്ടി 5 സ്റ്റോറി ബോർഡ് തയ്യാറാക്കുക.

## SCORING INDICATORS

| Qn. No. | Value Points | Total Score |
|---|---|---|
| 1 | VI | 1 |
| 2 | അഹം (Ego) | 1 |
| 3 | ശ്രമപരാജയ രീതി | 1 |
| 4 | സാമൂഹ്യമൂല്യങ്ങളെക്കുറിച്ച് കൗൺസലിയെ ബോധവൽക്കരിക്കുന്നു. | 1 |
| 5 | ദമനം | 1 |
| 6 | ബുദ്ധിമാനം = $\frac{MA}{CA} \times 100 = \frac{12 \times 100}{10} = 120$ | 1 |
| 7 | കാൾറോജേഴ്സ് | 1 |
| 8 | ഒരു വ്യക്തി സമൂഹജീവി എന്ന നിലയിലേക്ക് ഉയരുന്ന പ്രക്രിയയാണ് സാമൂഹീകരണം | 1 |
| 9 | വികസനകൗൺസലിങ്ങ് (Developmental Counselling) | 1 |
| 10 | ആഗമനരീതി (Inductive method) | 1 |
| 11 | ശാരീരികവ്യത്യാസങ്ങൾ, മാനസികവ്യത്യാസങ്ങൾ, പഠനശൈലിയിലുള്ള വ്യത്യാസങ്ങൾ പഠനനേട്ടത്തിലുള്ള വ്യത്യാസങ്ങൾ, വൈകാരികവ്യത്യാസങ്ങൾ, താല്പര്യങ്ങളിലും അഭിരുചികളിലും ഉള്ള വ്യത്യാസങ്ങൾ, സാമൂഹ്യധാർമ്മികവികാസങ്ങളിലെ വ്യത്യാസങ്ങൾ, മനോഭാവത്തിലുള്ള വ്യത്യാസങ്ങൾ എന്നിവയെല്ലാം വ്യക്തിവ്യത്യാസങ്ങൾ എന്ന പദം കൊണ്ട് വിവക്ഷിക്കുന്നുണ്ട്<br>(2 എണ്ണം സൂചിപ്പിച്ചാൽ 1 സ്കോറും 4 എണ്ണം സൂചിപ്പിച്ചാൽ 2 സ്കോറും) | 1<br>1 |
| 12 | പൊതുവെ 2 ആയി തിരിക്കാം (1) ജൈവികഘടകങ്ങൾ (2) സാഹചര്യ ഘടകങ്ങൾ<br>ശാരീരികാവസ്ഥ ഗ്രന്ഥി വ്യവസ്ഥ, നാഡീവ്യവസ്ഥ, പാരമ്പര്യം എന്നിവ ജൈവികഘടകങ്ങളിൽപ്പെടുന്നു. കുടുംബം, വിദ്യാലയം, സാമൂഹിക സാംസ്കാരികഘടകങ്ങൾ, മാധ്യമങ്ങൾ തുടങ്ങിയവ സാഹചര്യ ഘടകകങ്ങളിൽപെടുന്നു. | 1<br>1 |
| 13 | ഒരു സാമൂഹ്യസാഹചര്യത്തിൽ ജീവിക്കുന്നതിനായി ആ സമൂഹത്തിന്റെ അല്ലെങ്കിൽ സവിശേഷ സംസ്ക്കാരത്തിന്റെ മൂല്യങ്ങൾ, ആചാരമര്യാദകൾ, വ്യവഹാരപെരുമാറ്റ സവിശേഷതകൾ എന്നിവ നേടിയെടുക്കും. ഈ പ്രക്രിയയാണ് Enculturation (സംസ്കാര സ്വീകരണം)<br>സംസ്കാരം മാറ്റത്തിന് വിധേയമായിക്കൊണ്ടേയിരിക്കും. ഒരു സമൂഹത്തിന്റെ സാംസ്ക്കാരികമൂല്യങ്ങളെക്കാൾ മെച്ചപ്പെട്ടത് മറ്റൊരു സമൂഹത്തിൽ നിലനിൽക്കുന്നുണ്ടാവും. മെച്ചപ്പെട്ടസാംസ്കാര സവിശേഷതകളും മൂല്യങ്ങളും മറ്റും അന്യസമൂഹങ്ങളിൽ നിന്നും സ്വീകരിക്കുന്ന പ്രക്രിയയാണ് Acculturation (സംസ്കാരസമന്വയം) | 1<br>1 |

| Qn. No. | Value Points | Total Score |
|---|---|---|
| 14 | • മറ്റുള്ളവരെ സഹായിക്കാനുള്ള മനഃസ്ഥിതി<br>• കുട്ടികളുടെ സാമ്പത്തികവും സാമൂഹികമായ വിദ്യാഭ്യാസപരവുമായ അവസ്ഥകൾ അടുത്തറിയുക<br>• സ്കൂളിന്റെ മൊത്തത്തിലുള്ള അന്തരീക്ഷം കുട്ടിയുടെ പ്രവർത്തനശേഷി ഇവയെപ്പറ്റി ബോധവാനായിരിക്കുക.<br>• സാമൂഹിക മനഃശാസ്ത്ര ഭാഷാപരമായകര്യങ്ങളിൽ അവബോധവും പ്രവർത്തന പരിചയവും ഉണ്ടായിരിക്കുക. | 2 |
| 15 | • പ്രശ്നപരിഹരണത്തിന് സഹായിക്കുന്ന പഠനതന്ത്രങ്ങൾ (ക്രിയാ ഗവേഷണം, കേസ് സ്റ്റഡി, വിവിധ ചർച്ചാരൂപങ്ങൾ, പ്രോജക്ട്) ധാരാളമായി ക്ലാസ്സിൽ പ്രയോജനപ്പെടുത്തുക.<br>• പ്രശ്നം കുട്ടി സ്വയം പരിഹരിക്കുന്ന വിധത്തിലുള്ള ഇടപെടലുകൾ ടീച്ചർ നടത്താൻ ശ്രമിക്കുക<br>• അനുയോജ്യമായ മറ്റ് ഉത്തരങ്ങളും പരിഗണിക്കാം. | 2 |
| 16. | • ഫ്രോയ്ഡ് അബോധമനസ്സിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള സമീപനമാണ് സ്വീകരിച്ചത്. കാൾറോജേഴ്സ് ബോധാനുഭവങ്ങൾക്ക് പ്രാമുഖ്യം നൽകി.<br>• മനുഷ്യമനസ്സിലെ ജന്തുസഹജമായ ജന്മവാസനകളിൽ ഊന്നിക്കൊണ്ടുള്ള സമീപനമാണ് മുന്നോട്ടുവെച്ചത്. എന്നാൽ കാൾറോജേഴ്സ് മനുഷ്യനന്മയിലും സൃഷ്ടിപരതയിലും ഊന്നൽ നൽകി.<br>• മനുഷ്യമനസ്സിലെ വൈകാരിക ശക്തികളിൽ (ഇദ്ദ്, ഈഗോ, സൂപ്പർ ഈഗോ) ഊന്നിക്കൊണ്ടുള്ള സമീപനം ഫ്രോയ്ഡ് മുന്നോട്ടുവച്ചപ്പോൾ അഹം, ആദർശാത്മക അഹം എന്നിവയ്ക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള വാദഗതികളാണ് കാൾറോജേഴ്സ് മുന്നോട്ടുവെച്ചത്. | 1x3=3 |
| 17 | • നല്ല വ്യക്തിബന്ധങ്ങൾ<br>• ചുമതലകൾ ഏറ്റെടുക്കാനുള്ള കഴിവും സന്നദ്ധതയും<br>• സ്വയം പ്രചോദനം, മറ്റുള്ളവരെ പ്രചോദിപ്പിക്കുന്നതിനുള്ള താൽപര്യം<br>• വൈകാരിക നിയന്ത്രണം | 1x3=3 |
| 18 | • ചിത്രം നൽകി പാട്ട് എഴുതൽ<br>• അടിക്കുറിപ്പ് നൽകൽ<br>• ചിത്രങ്ങളെ പൂർത്തീകരിക്കൽ<br>• ഒരു സംഭവത്തിന്റെ അനന്തരഫലങ്ങൾ എഴുതൽ തുടങ്ങിയ പ്രവർത്തനങ്ങൾ പരിഗണിക്കാം.<br>**സൂചകങ്ങൾ**<br>- മൗലികത<br>- വാചാലത<br>- വഴക്കം<br>- വിവ്രജനചിന്ത<br>- വിപുലീകരണം | 2<br><br>1 |
| 19. | സങ്കലിത വിദ്യാഭ്യാസം എന്ന ആശയം<br>അനുരൂപീകരണം - എന്ന ആശയം<br>പ്രസക്തി | 1<br>1<br>1 |

| | | |
|---|---|---|
| 20. | **ഗുണങ്ങൾ**<br>നിരക്ഷരരിലും മാപനം നടത്താം<br>കൃത്യതയുള്ള പ്രതികരണങ്ങൾ ലഭിക്കും<br>അബോധതലത്തെ പരിഗണിക്കുന്നു.<br>**ദോഷങ്ങൾ**<br>ആത്മനിഷ്ഠത കൂടുതൽ<br>വിദഗ്ധനുമാത്രമേ പ്രതികരണങ്ങളെ വിശകലനം ചെയ്യാൻ കഴിയൂ.<br>മാനകീകരണത്തിന് പ്രയാസം നേരിടുന്നു. | 2<br>1 |
| 21. | വിപുലീകൃത അഹം<br>ഊഷ്മളബന്ധങ്ങൾ<br>ആത്മ സന്തുലനം<br>യാഥാർഥ്യബോധം<br>ആത്മധാരണ<br>ഏകാത്മക ജീവിതദർശനം | 3 |
| 22. | • കുട്ടിയുടെ ആത്മവിശ്വാസം വളർത്തുക<br>• സുരക്ഷിതത്വബോധം ഉണ്ടാക്കുക.<br>• സ്നേഹം, പരിഗണന ഇവ ആവശ്യാനുസരണം നൽകുക<br>• അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുക.<br>• സന്തോഷകരമായ പഠനസാഹചര്യം ഒരുക്കുക | 3 |
| 23. | **ബ്രൂണർ**<br>• സാമൂഹ്യസാംസ്ക്കാരിക ചുറ്റുപാടുകൾ ഭാഷാപഠനത്തെ സ്വാധീനിക്കുന്നു.<br>• ഭാഷാപഠനം വൈജ്ഞാനിക വികാസത്തെ ത്വരിതമാക്കുന്നു.<br>• ആശയരൂപീകരണത്തിന്റെ ഉയർന്ന തലത്തിലാണ് (പ്രതീകാത്മക ഘട്ടം) ഫലപ്രദമായ ഭാഷാ പ്രയോഗം സാധ്യമാകുന്നത്.<br>**വൈഗോട്സ്കി**<br>• മൃഗങ്ങളിലെപ്പോലെത്തന്നെ വികാസത്തിന്റെ ആദ്യഘട്ടങ്ങളിൽ ചിന്തയും ഭാഷണവും തമ്മിൽ വലിയ ബന്ധമൊന്നുമില്ല. രണ്ടു വയസ്സാകുമ്പോഴേക്കും അവ തമ്മിൽ പൂർണ്ണ സമന്വയത്തിലെത്തുന്നു.<br>• ഭാഷ വൈജ്ഞാനികവികാസത്തെ ഗണ്യമായി സ്വാധീനിക്കുന്ന ഒരു സുപ്രധാന ഉപാധിയാണ്.<br>• ഭാഷാ വികസിക്കുന്നത് സാമൂഹ്യാന്തരീക്ഷത്തിലാണ്.<br>കുട്ടികളുടെ സ്വയം ഭാഷണത്തെ ആന്തരികഭാഷണത്തിനും ചിന്തയ്ക്കുമുള്ള മുന്നോടിയായിട്ടാണ് വൈഗോട്സ്കി കാണുന്നത്. | 3 |
| 24. | • സ്വയം ചോദ്യങ്ങൾ ചോദിക്കാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുക.<br>• തന്റെ പഠനപ്രക്രിയയെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുവാൻ (Think aloud പ്രേരിപ്പിക്കുക;<br>• ആശയങ്ങളുടെയും ചിന്തകളുടെയും ചിത്രീകരണം (ആശയപടം, ഫ്ളോ ചാർട്ട്) നടത്തുന്ന രീതി പ്രോത്സാഹിപ്പിക്കുക. | 3 |
| 25. | • സമകാലിക ഘട്ടത്തിൽ കുട്ടി വിവിധങ്ങളായ വെല്ലുവിളികൾ നേരിടുന്നുണ്ട്<br>• അണു കുടുംബം സൃഷ്ടിക്കുന്ന അരക്ഷിതബോധം..<br>• പൊതു ഇടങ്ങളുടെ കുറവ്<br>• മീഡിയകളുടെ സ്വാധീനം | 3 |

| | | |
|---|---|---|
| | • അനഭലക്ഷണീയമായ രക്ഷാകർത്തൃത്വം<br>• പഠന സമ്മർദ്ദം<br>ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നത് ടീച്ചർ ഒരു കൗൺസലർ റോൾ ഏറ്റെടുക്കണം | |
| 26. | ഹൊവാർഡ് ഗാർഡ്നറുടെ MI സിദ്ധാന്തപ്രകാരമുള്ള 9 ബുദ്ധികൾ പരിഗണിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. | 5 |
| 27 | • അനുയോജ്യമായതും ഉള്ളടക്കപൂർണ്ണവുമായ 5 സ്റ്റോറി ബോർഡുകൾ തയ്യാറാക്കിയിട്ടുണ്ട്. | 5 |
| | **ആകെ സ്കോർ** | **60** |

## QUESTION WISE ANALYSIS

| Sl.No | Unit | Type | Level | Score | Time |
|---|---|---|---|---|---|
| 1 | I | Objective | Average | 1 | 2 minute |
| 2 | II | Objective | Average | 1 | 2 minute |
| 3 | V | Objective | Average | 1 | 2 minute |
| 4 | IV | Objective | Average | 1 | 2 minute |
| 5 | III | Objective | Easy | 1 | 2 minute |
| 6 | I | Objective | Easy | 1 | 2 minute |
| 7 | II | Objective | Easy | 1 | 2 minute |
| 8 | III | Objective | Easy | 1 | 2 minute |
| 9 | IV | Objective | Easy | 1 | 2 minute |
| 10 | V | Objective | Average | 1 | 2 minute |
| 11 | I | Short answer | Average | 2 | 4 minute |
| 12 | II | Short answer | difficult | 2 | 4 minute |
| 13 | III | Short answer | difficult | 2 | 4 minute |
| 14 | IV | Short answer | Easy | 2 | 4 minute |
| 15 | V | Short answer | Easy | 2 | 4 minute |
| 16 | II | Short answer | Average | 3 | 6 minute |
| 17 | I | Short answer | Average | 3 | 6 minute |
| 18 | I | Short answer | Average | 3 | 6 minute |
| 19 | I | Short answer | Average | 3 | 6 minute |
| 20 | II | Short answer | Average | 3 | 6 minute |
| 21 | II | Short answer | Average | 3 | 6 minute |
| 22 | III | Short answer | Average | 3 | 6 minute |
| 23 | V | Short answer | Easy | 3 | 6 minute |
| 24 | V | Short answer | Average | 3 | 6 minute |
| 25 | IV | Short answer | Difficult | 3 | 6 minute |
| 26 | I | Essay | Average | 5 | 10 minute |
| 27 | III | Essay | Difficult | 5 | 10 minute |
| | | | **Total** | **60** | **120 minute** |